# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.293. 19/06/2019 -ൽ മറുപടിക്ക്

## എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണപദവി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ ഖാദർ<br>,, എം.ഉമ്മർ<br>,, പി.കെ.ബഷീർ<br>,, അബ്ദുൽ ഹമീദ് പി. | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണപദവി ലഭിക്കുന്നതിനായി സർക്കാർ എൻ.ഒ.സി നൽകാറുണ്ടോ യെന്നറിയിക്കുമോ; | (എ) ആട്ടോണമി അപ്രൂവൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നിലവിൽ കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നത്. |
| (ബി) എൻ.ഒ.സി നൽകുന്നതിനായി പ്രത്യേക സമിതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ ഘടന വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്ന കാര്യത്തിലും, സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും തീരുമാനം കൈക്കൊള്ളാനും, ശുപാർശകൾ നൽകാനും University Law (Third Amendment) Act 2014 പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളത് ആട്ടോണമി അപ്രൂവൽ കമ്മിറ്റിയെയാണ്. സ്വയംഭരണ പദവി നൽകുന്നതിനായി കോളേജുകളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്നതും. ആയത് പരിശോധിച്ച് ശിപാർശ ചെയ്യുന്ന കോളേജുകളുടെ അപേക്ഷ ബന്ധപ്പെട്ട സർവ്വകലാശാല വഴി അംഗീകാരത്തിനായി യു.ജി.സിക്ക് അയച്ചു കൊടുക്കുന്നതിന് നിർദ്ദേശിക്കുന്നതും ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയാണ്.<br><br>സ്റ്റാറ്റ്യൂട്ടറി സമിതിയായ ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ വിദ്യാഭ്യാസ മന്ത്രിയും, ഉപാദ്ധ്യക്ഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനുമാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയാണ് കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി. കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരും, നിയമ സെക്രട്ടറിയും, ധനകാര്യ സെക്രട്ടറിയും ഈ സമിതിയിൽ അംഗങ്ങളാണ്. നിലവിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രതിനിധിയായി മേൽ സമിതിയിലേയ്ക്ക് സർക്കാർ നോമിനേറ്റ് ചെയ്തിരിക്കുന്നത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയെയാണ്. |
| (സി) | സർക്കാർ അനുമതി ഇല്ലാതെ കോളേജുകൾ സ്വയംഭരണപദവിക്കായി യു.ജി.സി.യെ സമീപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ